"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് -ഇ.എം.എസ് ഭവന പദ്ധതി പ്രകാരം ലഭ്യമായ ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുക ലൈഫ് പദ്ധതിക്കായി ഉപയോഗിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.316/2022/LSGD തീയതി,തിരുവനന്തപുരം, 12-02-2022

---

പരാമർശം:-

1. എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.12.2021, 24.12.2021 എന്നീ തീയ്യതികളിലെ കത്തുകൾ.
2. അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30/10/2021-ലെ 2(1)-ാം നമ്പർ തീരുമാനം. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല
3. കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 11.01.2022 ലെ 4.55 നമ്പർ തീരുമാനം.

<u>ഉത്തരവ്</u>

ഇ.എം.എസ് ഭവന പദ്ധതി പ്രകാരം ലഭ്യമായ തുകയിൽ പൊതു വിഭാഗത്തിൽ 24,75,000/- രൂപയും എസ്.സി.പി. വിഹിതത്തിൽ 3,93,008/- രൂപയും ചെലവഴിക്കപ്പെടാതെ ബാങ്കിൽ ഉണ്ട്. പലിശയടക്കം 34,95,325/- രൂപയുള്ളതിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന ലൈഫ് പദ്ധതിക്കായി ഉപയോഗിക്കാൻ അനുമതി നൽകണമെന്നത് സംബന്ധിച്ച പഞ്ചായത്തിന്റെ ആവശ്യം പരാമർശം (1) പ്രകാരം എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസർ ലഭ്യമാക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയുണ്ടായി. പരാമർശം (3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇ.എം.എസ് ഭവന പദ്ധതി പ്രകാരം ലഭ്യമായ ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുകയായ 34,95,325/- രൂപ, എസ്.സി.പി വിഹിതമായി ചെലവഴിക്കാത്ത തുക എസ്.സി. വിഭാഗത്തിനു തന്നെ നൽകണമെന്നുള്ള നിർദ്ദേശത്തോടെ ലൈഫ് പദ്ധതിക്കായി ഉപയോഗിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ജില്ലാ പ്ലാനിംഗ് ഓഫീസർ, എറണാകുളം.

സെക്രട്ടറി, അയ്യമ്പുഴ ഗ്രാമ പഞ്ചായത്ത്.

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ,വെബ് & ന്യൂ മീഡിയ(വിംഗ്), ഐ & പിആർഡി.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Reens

സെക്ഷൻ ഓഫീസർ